# Report

HOPE is very much pleased to announce the start of its first report on its activities. HOPE was formally launched on 12th November 2011 in Trivandrum through a glorious function in College of Engineering Trivandrum.

HOPE has started its operation by awarding scholarships to 30 nos. of pupils who are mostly belongs to the nearby villages of the College of Engineering Trivandrum.

**Launch at Trivandrum**

HOPE has organized its formal Launch in Kerala with start of HOPE activities in Trivandrum.

HOPE Scholarships were issued to 30 Pupils from various Govt. and Govt aided schools adjacent to the village where CET exists.






**Dr. D Babu Paul IAS,** one of the eminent CETians has launced HOPE by handing over the Scholarships in a glorious function organized in CET as part of the CETAA Day 2011.
**Dr. Gopakumar**, Principal, College of Engineering Trivandrum presided the function.

Several eminent personnel from different parts of the Society together with many eminent CETians participated in the function.

In addition to the HOPE Volunteers, several parents of the HOPE Scholars also were also present.



മലയാള മനോരമ · വിദ്യാഭ്യാസം 7

# സാമ്പത്തിക ബുദ്ധിമുട്ടുള്ള കുട്ടികളെ സ്പോൺസർ ചെയ്യാൻ പദ്ധതി

സ്വന്തം ലേഖകൻ

തിരുവനന്തപുരം: ഗവൺമെന്റ് എൻജിനീയറിങ് കോളജിലെ പൂർവവിദ്യാർഥികൾ രൂപം കൊടുത്ത 'സീറ്റ ഗാലക്സി ചാരിറ്റബിൾ ട്രസ്റ്റ്' സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന സ്കൂൾ കുട്ടികളുടെ സ്പോൺസർഷിപ്പിനായി ഹോപ്പ്(ഹെൽപ്പിങ് ഔട്ട്സ്റ്റാൻഡിങ് പീപ്പിൾസ് ഇൻ എജ്യൂക്കേഷൻ) എന്ന പേരിൽ പദ്ധതി ആരംഭിച്ചു. ആദ്യബാച്ചിലേക്കു തിരഞ്ഞെടുക്കപ്പെട്ട 30 കുട്ടികൾക്ക് ഡോ. ബാബുപോൾ സ്കോളർഷിപ്പുകൾ വിതരണം ചെയ്തു. കോളജിൽ സീറ്റാഡേയോടനുബന്ധിച്ചാണു പദ്ധതി നടപ്പാക്കിയത്.

ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിലെ പഠനത്തിൽ മിടുക്കരായ വിദ്യാർഥികളെ കണ്ടെത്തി സാമ്പത്തിക സഹായവും വിദഗ്ധോപദേശവും നൽകി ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കാൻ സഹായിക്കുക എന്നതാണു പദ്ധതി. കേരളത്തിലെ 1000 വിദ്യാർഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് എൻജിനീയറിങ് കോളജ് പിജി സ്റ്റഡീസ് ഡീൻ പ്രഫ. വത്സല ബോസ്, സീറ്റ സെക്രട്ടറി വി. സതീഷ് കുമാർ എന്നിവർ അറിയിച്ചു.

ഓരോ വിദ്യാർഥിക്കും ഓരോ മെന്ററെ നിയോഗിച്ചായിരിക്കും പദ്ധതി നടപ്പാക്കുക. തുടക്കത്തിൽ വിവിധ ജില്ലകളിലെ 150 വിദ്യാർഥികൾക്കു സഹായം നൽകി ആരംഭിക്കുന്ന പദ്ധതിയിൽ തുടർന്നുള്ള വർഷങ്ങളിൽ ആയിരം വിദ്യാർഥികൾക്ക് ഒരേ സമയം ഈ സ്കോളർഷിപ്പ് ലഭിക്കും.

വിശദവിവരങ്ങൾക്ക്: www.cetauae.org

2 നാട്ടുവർത്തമാനം

# നിർധന വിദ്യാർഥികൾക്ക് സഹായം

**തിരുവനന്തപുരം:** തിരുവനന്തപുരം ഗവ: എൻജിനീയറിങ് കോളേജിലെ പൂർവവിദ്യാർഥിസംഘടനയ്ക്ക് കീഴിലുള്ള സീറ്റ ഗാലക്സി ചാരിറ്റബിൾ ട്രസ്റ്റിന്റെ നേതൃത്വത്തിൽ കേരളത്തിലെ നിർധന വിദ്യാർഥികൾക്കായി 'ഹോപ്പ്' സാമ്പത്തിക സഹായ പദ്ധതി ആരംഭിക്കുന്നു. സർക്കാർ, എയിഡഡ് സ്കൂളുകളിലെ പഠിക്കാൻ മിടുക്കരും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുമായ വിദ്യാർഥികളെ കണ്ടെത്തി അവരെ ഉന്നതവിദ്യാഭ്യാസംവരെ സ്പോൺസർ ചെയ്യുന്നതാണ് പദ്ധതി. 12-ന് എൻജിനീയറിങ് കോളേജിൽനടക്കുന്ന ചടങ്ങിൽ ആദ്യ ബാച്ചിൽ തിരഞ്ഞെടുക്കപ്പെട്ട വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്യുമെന്ന് പ്രൊഫ. വത്സലാ ബോസ്, സീറ്റാ ഭാരവാഹികളായ വി. സതീഷ്കുമാർ, ജോസഫ് ചാൾസ് തുടങ്ങിയവർ പത്രസമ്മേളനത്തിൽ അറിയിച്ചു. എല്ലാ വിഷയത്തിനും കുറഞ്ഞത് എഴുപത് ശതമാനം മാർക്കുള്ള കുട്ടികൾക്ക് ഇതിലേക്ക് അപേക്ഷിക്കാം. ഓരോ അധ്യയനവർഷവും സപ്തംബർ 30-ന് മുൻപ് അപേക്ഷ സമർപ്പിക്കണം. പദ്ധതിയുടെ ധനശേഖരണാർഥം സീറ്റയുടെ നേതൃത്വത്തിൽ ഡിസംബർ 30-ന് ദുബായിൽ കലാസന്ധ്യ സംഘടിപ്പിക്കും. സെലക്ഷന്റെയും സ്കോളർഷിപ്പിന്റെയും വിശദ വിവരങ്ങൾ സീറ്റയുടെ വെബ്സൈറ്റായ www.cetauae.org -ൽ ലഭ്യമാണ്.

* * * * * *